# കേരള നിയമസഭ
# 31.01.2014-ലെ മറുപടിക്ക്

<u>ജീവദായിനി പദ്ധതി</u>

3999 ശ്രീ. ഹൈബി ഈഡന്‍
,, വി. റ്റി. ബല്‍റാം
,, ഷാഫി പറമ്പില്‍
,, പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പട്ടികവര്‍ഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) യുവജനക്ഷേമ ബോര്‍ഡിന്റെ നേതൃത്വത്തില്‍ ജീവദായിനി പദ്ധതിക്ക് രൂപം നല്‍കിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങള്‍ വിശദമാക്കുമോ ;

(സി) ആരെല്ലാമാണ് പദ്ധതിയുമായി സഹകരിക്കുന്നതെന്ന് വിശദമാക്കുമോ ;

(ഡി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം കാര്യങ്ങള്‍ ചെയ്തിട്ടുണ്ടെന്നറിയിക്കാമോ ?

# കേരള നിയമസഭ
## 31.01.2014-ലെ മറുപടിക്ക്

ദേശീയ സാഹസിക അക്കാഡമി

4000 ശ്രീ. വി. റ്റി. ബല്‍റാം
'' ഹൈബി ഈഡന്‍
'' പി. സി. വിഷ്ണുനാഥ്
'' ഷാഫി പറമ്പില്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പട്ടികവര്‍ഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) യുവജനക്ഷേമ ബോര്‍ഡിന്റെ നേതൃത്വത്തില്‍ ദേശീയ സാഹസിക അക്കാഡമി സംസ്ഥാനത്ത് സ്ഥാപിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങള്‍ വിശദമാക്കുമോ;

(സി) യുവാക്കളില്‍ സാഹസികത വളര്‍ത്തുക, സാഹസിക കര്‍മ്മശേഷി ജനനന്മയ്ക്ക് വിനിയോഗിക്കുക എന്നീ ലക്ഷ്യങ്ങള്‍ മുന്‍നിര്‍ത്തി എന്തെല്ലാം കാര്യങ്ങളാണ് അക്കാഡമിയുടെ പ്രവര്‍ത്തനത്തില്‍ ഉള്‍പ്പെടുത്തിയിരിക്കുന്നത്;

(ഡി) അക്കാഡമിയുടെ കീഴില്‍ എന്തെല്ലാം പ്രവര്‍ത്തനങ്ങളാണ് നടന്നുവരുന്നത്; വിശദാംശങ്ങള്‍ നല്‍കാമോ?

# കേരള നിയമസഭ
## 31.01.2014-ലെ മറുപടിക്ക്

<u>അവിവാഹിതരായ ആദിവാസി അമ്മമാരുടെ പുനരധിവാസം</u>

4001 ശ്രീ. ഐ. സി. ബാലകൃഷ്ണൻ
,, വി. പി. സജീന്ദ്രൻ
,, ബെന്നി ബെഹനാൻ
,, കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അവിവാഹിതരായ ആദിവാസി അമ്മമാരെ പുനരധിവസിപ്പിക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ഏതെല്ലാം ഏജൻസികളാണ് പദ്ധതിയുമായി സഹകരിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) പദ്ധതി നടത്തിപ്പിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

**കേരള നിയമസഭ**
**31.01.2014-ലെ മറുപടിക്ക്**

<u>അവിവാഹിതരായ ആദിവാസി അമ്മമാർ</u>

4002 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
ശ്രീമതി കെ. കെ. ലതിക
ശ്രീ. സാജു പോൾ
,, സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആദിവാസി മേഖലയിൽ അവിവാഹിതരായ അമ്മമാരുടെ എണ്ണം വർദ്ധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ആദിവാസി മേഖലയിലെ പ്രായപൂർത്തിയാകാത്തവരടക്കുള്ള അവിവാഹിതരായ അമ്മമാർ നേരിടുന്ന ദുരവസ്ഥ പരിഹരിക്കാൻ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(സി) അവിവാഹിതരായ ആദിവാസി അമ്മമാരേയും കുട്ടികളേയും പുനരധിവസിപ്പിക്കുന്നതിന് കഴിഞ്ഞ സർക്കാർ ചെയ്ത കാര്യങ്ങൾ വിലയിരുത്തിയിട്ടുണ്ടോ;

(ഡി) അവിവാഹിതരായ ആദിവാസി അമ്മമാരുടെയും അവരുടെ കുട്ടികളുടെയും പുനരധിവാസം സംബന്ധിച്ച് എന്ത് നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 31.01.2014-ലെ മറുപടിക്ക്

ആദിവാസികളെ സംബന്ധിച്ച പഠന റിപ്പോർട്ട്

4003 ശ്രീ. ഇ. ചന്ദ്രശേഖരൻ
,, വി. ശശി
,, ചിറ്റയം ഗോപകുമാർ
,, കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൻ തുക ചെലവഴിച്ചിട്ടും ആദിവാസികൾ ഇന്ന് ദുരിതത്തിലാണെന്നുള്ള ഔദ്യോഗിക പഠന റിപ്പോർട്ടുകൾ നിലവിലുണ്ടോ; എങ്കിൽ ഏറ്റവും ഒടുവിലത്തെ പഠന റിപ്പോർട്ടിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) റേഷൻ കാർഡുകൾ ലഭിക്കാത്ത ആദിവാസി കുടുംബങ്ങളുണ്ടോ; കാർഡ് ലഭിച്ചവരിൽ എ. പി. എൽ വിഭാഗത്തിൽപ്പെടുന്നവർ ഉണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 31.01.2014-ലെ മറുപടിക്ക്

**അട്ടപ്പാടി ആദിവാസി മേഖലയിൽ പദ്ധതി നടത്തിപ്പിലെ വീഴ്ച**

4004 ശ്രീ. എ. കെ. ബാലൻ
,, കെ. വി. വിജയദാസ്
,, കെ. വി. അബ്ദുൾ ഖാദർ
ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടി ആദിവാസി മേഖലയിലെ ശിശുമരണങ്ങളുടെ പശ്ചാത്തലത്തിൽ പ്രഖ്യാപിച്ച പദ്ധതികളൊന്നും നടപ്പിലാക്കാത്തതിനെക്കുറിച്ചുള്ള ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) അട്ടപ്പാടിയിൽ ശുദ്ധജലം ലഭ്യമല്ലാത്തതിനാൽ കുട്ടികൾക്കും മറ്റുമുണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിക്കാൻ സാധിച്ചുവെന്ന് വിശദമാക്കാമോ ;

(സി) അട്ടപ്പാടി മേഖലയിലെ അങ്കനവാടികളുടെ ശോച്യാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) കുറുംബ ആദിവാസി ഊരുകളുടെ വികസനത്തിന് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പ്രഖ്യാപിച്ച 148 കോടി രൂപയുടെ പദ്ധതി പ്രാവർത്തികമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ?

# കേരള നിയമസഭ
## 31.01.2014-ലെ മറുപടിക്ക്
<u>പ്രാക്തന ഗോത്രവർഗ്ഗക്കാരുടെ ക്ഷേമത്തിന് കേന്ദ്ര സഹായം</u>

4005 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രാക്തന ഗോത്രവർഗ്ഗങ്ങളുടെ ക്ഷേമത്തിനായി ലഭിച്ച കേന്ദ്രസഹായത്തിന്റെ എത്ര ശതമാനം ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ മേഖലയിലും അനുവദിച്ച തുകയും ചെലവഴിച്ച തുകയും വിശദമാക്കുമോ;

(സി) അട്ടപ്പാടിയിലെ ഏതെല്ലാം ഗോത്രവിഭാഗങ്ങളുടെ ക്ഷേമത്തിനാണ് പ്രസ്തുത ഫണ്ട് നീക്കി വച്ചിട്ടുള്ളത്; ഇവർക്കായി ആവിഷ്കരിച്ച പദ്ധതികളും നീക്കി വച്ച തുകയും, ചെലവഴിച്ച തുകയും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 31.01.2014-ലെ മറുപടിക്ക്

അട്ടപ്പാടി മേഖലയിലെ ജനനി ജന്മസുരക്ഷാ പദ്ധതി

4006 ശ്രീ. വി. ചെന്താമരാക്ഷന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പട്ടികവര്‍ഗ്ഗക്ഷേമവും യുവജനകാര്യവും**
**കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) അട്ടപ്പാടി മേഖലയില്‍ ജനനി ജന്മസുരക്ഷ പദ്ധതി പ്രകാരം എത്ര അപേക്ഷകള്‍ ലഭിച്ചിട്ടുണ്ട്;

(ബി) ഇതില്‍ എത്ര പേര്‍ക്കാണ് ഈ പദ്ധതിയുടെ ആനുകൂല്യങ്ങള്‍ ലഭിച്ചിട്ടുള്ളത്; ഇനി എത്ര പേര്‍ക്ക് ആനുകൂല്യം കൊടുക്കാനുണ്ട്; ആയത് എന്ന് കൊടുക്കാന്‍ കഴിയുമെന്ന് വിശദമാക്കുമോ?

## കേരള നിയമസഭ
## 31.01.2014-ലെ മറുപടിക്ക്

ആദിവാസികളിൽ നിന്ന് തട്ടിയെടുത്ത ഭൂമി തിരികെ നൽകാൻ നടപടി

4007 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആദിവാസികൾക്ക് പതിച്ചു നൽകിയ ഭൂമി മറ്റ് വിഭാഗക്കാർ തട്ടിയെടുത്തതായി കണ്ടെത്തിയിട്ടുണ്ടോ;

(ബി) ഈ രീതിയിൽ തട്ടിയെടുത്ത ഭൂമി, കൈവശം വച്ചിരിക്കുന്നവരിൽ നിന്നും തിരിച്ച് നൽകാനുള്ള നടപടി സ്വീകരിക്കുമോ;

(സി) ആദിവാസികളുടെ ഭൂമിതട്ടിയെടുത്തതായുള്ള എത്ര കേസുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടെന്ന് അറിയാമോ?

# കേരള നിയമസഭ
## 31.01.2014-ലെ മറുപടിക്ക്

<u>സെറ്റിൽമെന്റുകളിൽ ക്ഷേമ പദ്ധതികൾ മോണിട്ടർ ചെയ്യാൻ സംവിധാനം</u>

4008 ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ
'' സി.മോയിൻകുട്ടി
'' എൻ. ഷംസുദ്ദീൻ
'' കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും**
**കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലയോര മേഖലകളിൽ യാത്രാ സൗകര്യം പരിമിതമായ സെറ്റിൽമെന്റുകളിൽ, പട്ടികവർഗ്ഗക്ഷേമ വകുപ്പ് ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യം ഉറപ്പുവരുത്താൻ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ വിശദമാക്കുമോ;

(ബി) ഇവർക്കുവേണ്ടി നടപ്പാക്കുന്ന ക്ഷേമപദ്ധതികൾ മോണിട്ടർ ചെയ്യുന്നതിനും, പരിശോധിക്കുന്നതിനുമുള്ള സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടോ;

(സി) കാൽനടയായി മാത്രം എത്തിപ്പെടാവുന്ന എത്ര സെറ്റിൽമെന്റുകളുണ്ട്; അവയിലായി എത്ര കുടുംബങ്ങൾ അധിവസിക്കുന്നുണ്ട് എന്നതിന്റെ സെറ്റിൽമെന്റടിസ്ഥാനത്തിലെ കണക്ക് നൽകാമോ?

# കേരള നിയമസഭ
## 31.01.2014-ലെ മറുപടിക്ക്
<u>പറമ്പിക്കുളത്തെ ഭവനരഹിതരായ ആദിവാസികൾ</u>

4009

ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാല കളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പറമ്പിക്കുളത്തെ വിവിധ ആദിവാസി കോളനികളിൽ ഭവനരഹിതരായ എത്ര ആദിവാസി കുടുംബങ്ങൾ ഉണ്ട്; കോളനി തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ;

(ബി) ഭവനരഹിതരായ ആദിവാസി കുടുംബങ്ങൾക്ക് വീടുവച്ച് നൽകുന്നതിനുള്ള എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്; വിശദാംശം നൽകുമോ;

(സി) പറമ്പിക്കുളത്തെ മുഴുവൻ ആദിവാസി കുടുംബങ്ങൾക്കും വീടുവച്ചു നൽകാനുള്ള എന്തെങ്കിലും പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ ആയത് എന്ന് പൂർത്തീകരിക്കുമെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 31.01.2014-ലെ മറുപടിക്ക്

<u>അഗസ്ത്യവനത്തിലെ ആദിവാസികളുടെ ആരോഗ്യപ്രശ്നങ്ങള്‍</u>

4010 ശ്രീ. ബി. സത്യന്‍
,, രാജു എബ്രഹാം
,, ആര്‍. രാജേഷ്
,, കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പട്ടികവര്‍ഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) അഗസ്ത്യവനത്തിലെ ആദിവാസികളുടെ ആരോഗ്യപ്രശ്നങ്ങള്‍ സംബന്ധിച്ച് മെഡിക്കല്‍ ക്യാമ്പുകള്‍ നടത്തി ലഭിച്ച സര്‍വ്വെ റിപ്പോര്‍ട്ട് ശ്രദ്ധയില്‍പെട്ടിട്ടുണ്ടോ ; വിശദാംശം വ്യക്തമാക്കുമോ;

(ബി) സാമ്പിള്‍ സര്‍വ്വെ റിപ്പോര്‍ട്ടിന്റെ അടിസ്ഥാനത്തില്‍ എന്തെങ്കിലും പരിഹാര നടപടികള്‍ സ്വീകരിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

(സി) അഗസ്ത്യവനത്തിലെ ആദിവാസികളുടെ പോഷകാഹാര
ക്കുറവ് പരിഹരിക്കാന്‍ നടപടി സ്വീകരിക്കണമെന്ന റിപ്പോര്‍ട്ടിന്റെ അടിസ്ഥാനത്തില്‍ സ്വീകരിച്ച നടപടികള്‍ വിശദമാക്കുമോ ;

(ഡി) അഗസ്ത്യവനത്തിലെ ആദിവാസികളോട് ഇന്ന് സ്വീകരിക്കുന്ന സമീപനം തടുര്‍ന്നാല്‍ അട്ടപ്പാടിയിലുള്ളതിനേക്കാള്‍ വലിയ ദുരന്തമുണ്ടാകുമെന്ന ആദിവാസി സംഘടനകളുടെ മുന്നറിയിപ്പ് ശ്രദ്ധയില്‍പെട്ടിട്ടുണ്ടോ ;

(ഇ) അഗസ്ത്യവനത്തിലെ ആദിവാസികളുടെ ആരോഗ്യപ്രശ്നങ്ങള്‍ പരിഹരിക്കാന്‍ ഏതെല്ലാം മേഖലകളിലുള്ളവരുടെ യോഗങ്ങള്‍ ചേര്‍ന്നിരുന്നു; ഇതില്‍ ആരെല്ലാം പങ്കെടുത്തു; ഇതിലെ തീരുമാനങ്ങള്‍ എന്തെല്ലാമായിരുന്നു; ഇതെല്ലാം നടപ്പാക്കിയോ; വിശദമാക്കാമോ ?

## കേരള നിയമസഭ

## 31.01.2014-ലെ മറുപടിക്ക്

<u>കോതമംഗലം കണ്ടൻപറമ്പിലെ ആദിവാസികളുടെ പുനരധിവാസം</u>

4011 ശ്രീ. റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വന്യമൃഗങ്ങളുടെ ശല്യം നിമിത്തം കോതമംഗലം നിയോജക മണ്ഡലത്തിലെ കുട്ടമ്പുഴ പഞ്ചായത്തിലെ കണ്ടൻപാറയിൽ നിന്നും വാരിയം കുടിയിൽ വന്ന് കുടിൽ കെട്ടി താമസിക്കുന്ന ആദിവാസികളുടെ പുനരധിവാസം വൈകുന്നതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) ഇവരുടെ പുനരധിവാസവുമായി ബന്ധപ്പെട്ട് കഴിഞ്ഞ രണ്ടര വർഷത്തിനിടയിൽ എത്ര പ്രാവശ്യം മന്ത്രിതല ചർച്ച നടത്തിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(സി) ഈ യോഗങ്ങളിൽ എടുത്തിട്ടുള്ള തീരുമാനങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ;

(ഡി) ഇവരുടെ പുനരധിവാസം പൂർത്തീകരിക്കുന്നതിന് എന്തെല്ലാം സത്വര നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 31.01.2014-ലെ മറുപടിക്ക്

<u>പട്ടികവർഗ്ഗക്കാർക്ക് സ്ഥലം വാങ്ങുന്നതിനും വീട് വയ്ക്കുന്നതിനും സാമ്പത്തിക സഹായം</u>

4012 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ എത്ര പട്ടികവർഗ്ഗക്കാർക്ക് സ്ഥലം വാങ്ങുന്നതിനും വീട് വയ്ക്കുന്നതിനും സാമ്പത്തിക സഹായം നൽകിയിട്ടുണ്ടന്ന് വ്യക്തമാക്കുമോ;

(ബി) വൈപ്പിൻ നിയോജകമണ്ഡലത്തിൽ എത്ര പേർക്ക് വീട് വയ്ക്കുന്നതിനും, സ്ഥലം വാങ്ങുന്നതിനും സഹായം നൽകിയിട്ടുണ്ട്;

(സി) ഇതിനായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; ഈ അപേക്ഷകളിന്മേൽ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 31.01.2014-ലെ മറുപടിക്ക്

<u>പട്ടികവർഗ്ഗക്കാരായ രോഗികളുടെ ചികിത്സ</u>

4013 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗക്കാരായ രോഗികളുടെ ചികിത്സക്ക് നൽകിവരുന്ന സഹായപദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) ഈ പദ്ധതികൾക്ക് കീഴിൽ ഓരോ ജില്ലയിലും എത്ര തുക അനുവദിച്ചെന്നും എത്ര പേർക്ക് സഹായം അനുവദിച്ചുവെന്നും വിശദമാക്കുമോ?

# കേരള നിയമസഭ
## 31.01.2014-ലെ മറുപടിക്ക്

വയനാട് ജില്ലയിലെ പട്ടികവർഗ്ഗ വിഭാഗത്തിൽപെട്ട അരിവാൾ രോഗികൾക്ക് പെൻഷൻ

4014 ശ്രീ. എം. വി. ശ്രേയാംസ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും**
**കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ പട്ടികവർഗ്ഗ വിഭാഗത്തിൽപെട്ട അരിവാൾ രോഗികൾക്ക് പെൻഷൻ നൽകുന്ന പദ്ധതി ഏതു ഘട്ടംവരെയായിയെന്നു വ്യക്തമാക്കുമോ;

(ബി) ജില്ലയിലെ ആദിവാസി വിഭാഗത്തിൽപെട്ട എല്ലാ രോഗികളെയും കണ്ടെത്തി പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് സാധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) എത്ര രോഗികൾക്ക് നാളിതുവരെ പെൻഷൻ നൽകിയെന്നതിന്റെ താലൂക്ക് തല വിശദാംശം ലഭ്യമാക്കുമോ?

## കേരള നിയമസഭ
## 31.01.2014-ലെ മറുപടിക്ക്

മെഡിക്കൽ, എൻജിനീയറിംഗ് കോഴ്സുകളിൽ പ്രവേശനം ലഭിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സഹായം

4015 ശ്രീ. വി. പി. സജീന്ദ്രൻ
,, ഐ. സി. ബാലകൃഷ്ണൻ
,, അൻവർ സാദത്ത്
,, വി. ഡി. സതീശൻ

താഴെ കാണുന്ന ചോദ്യത്തിന്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

പട്ടികവർഗ്ഗ കുടുംബങ്ങളിൽപ്പെട്ട മെഡിക്കൽ, എൻജിനീയറിംഗ് കോഴ്സുകളിൽ പ്രവേശനം ലഭിക്കുന്നവർക്ക് എന്തെല്ലാം സഹായങ്ങളാണ് നൽകിവരുന്നത്; വിശദമാക്കുമോ?

# കേരള നിയമസഭ
# 31.01.2014-ലെ മറുപടിക്ക്

## സ്കൂൾ കലോത്സവങ്ങളിൽ പങ്കെടുക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രത്യേക സാമ്പത്തിക സഹായം

4016 ശ്രീ. ഐ.സി. ബാലകൃഷ്ണൻ
,, വി. പി. സജീന്ദ്രൻ
,, ജോസഫ് വാഴക്കൻ
,, എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്കൂൾ കലോത്സവങ്ങളിൽ പങ്കെടുക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രത്യേക സാമ്പത്തിക സഹായം നൽകുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) സാമ്പത്തികസഹായം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കുമോ;

(ഡി) ഏത് വർഷം മുതലാണ് പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നൽകാമോ?

# കേരള നിയമസഭ
## 31.01.2014-ലെ മറുപടിക്ക്

<u>പട്ടികവര്‍ഗ്ഗ വിദ്യാര്‍ത്ഥികള്‍ക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങള്‍</u>

4017 ശ്രീ. സി. കൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പട്ടികവര്‍ഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളുംവകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പട്ടികവര്‍ഗ്ഗ വിഭാഗത്തില്‍പെട്ട ഹയര്‍ സെക്കന്ററി വിദ്യാര്‍ത്ഥികള്‍ക്ക് സ്റ്റൈപ്പന്റ്, ലംപ്സം ഗ്രാന്റ് എന്നീ ഇനത്തില്‍ എത്ര തുക 2013-14 വര്‍ഷത്തില്‍ അനുവദിക്കാന്‍ ബാക്കിയുണ്ടെന്ന് ജില്ല തിരിച്ച് വിശദമാക്കാമോ;

(ബി) പ്രസ്തുത വിദ്യാര്‍ത്ഥികള്‍ക്ക് അനുവദിച്ച തുക മുഴുവന്‍ അവരുടെ ബാങ്ക് അക്കൗണ്ടുകളില്‍ എത്തിയിട്ടുണ്ടോ; ഇല്ലെങ്കില്‍ എത്ര തുക ബാങ്ക് അക്കൗണ്ടില്‍ എത്താന്‍ ബാക്കിയുണ്ടെന്ന് ജില്ല തിരിച്ച് വിശദമാക്കാമോ;

(സി) കണ്ണൂര്‍ ജില്ലയില്‍ അക്കൗണ്ടുകളില്‍ പണം എത്താത്തതുണ്ടെങ്കില്‍ സ്കൂള്‍ തിരിച്ച് വിശദവിവരങ്ങള്‍ അറിയിക്കാമോ;

(ഡി) ബാങ്ക് അക്കൗണ്ടില്‍ പണം ലഭ്യമാക്കുന്നതിന് നടപടികള്‍ സ്വീകരിച്ചിട്ടുണ്ടെങ്കില്‍ വിശദമാക്കാമോ?

# കേരള നിയമസഭ
# 31.01.2014-ലെ മറുപടിക്ക്

<u>എണ്ണപ്പാറ പ്രാഥമികാരോഗ്യകേന്ദ്രം</u>

4018 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് മണ്ഡലത്തിലെ കോടോംബേളൂർ പഞ്ചായത്തിലെ എണ്ണപ്പാറ പ്രാഥമികാരോഗ്യകേന്ദ്രം ട്രൈബൽ ആശുപത്രിയായി ഉയർത്തണമെന്ന ആവശ്യം പട്ടികവർഗ്ഗ വകുപ്പിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 31.01.2014-ലെ മറുപടിക്ക്

<u>യുവജനങ്ങളുടെ കർമ്മശേഷി വികസന പദ്ധതി</u>

4019 ശ്രീ. റ്റി.എ. അഹമ്മദ് കബീർ
'' സി. മമ്മൂട്ടി
'' എൻ.എ. നെല്ലിക്കുന്ന്
'' പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) യുവജനങ്ങളുടെ കർമ്മശേഷി വികസന മേഖലയിൽ ഉപയോഗപ്പെടുത്താൻ എന്തൊക്കെ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) ആയുർദൈർഘ്യം വർദ്ധിച്ചിട്ടുള്ള സാഹചര്യത്തിൽ വൃദ്ധജനങ്ങളുടെ എണ്ണത്തിലുണ്ടാകുന്ന വർദ്ധനമൂലമുള്ള പ്രശ്നങ്ങൾ നേരിടാനും, കുടുംബ, സമൂഹ സമാധാനവും, ക്ഷേമവും നിലനിറുത്താനും യുവജനങ്ങളെ സജ്ജരാക്കുന്നതിന് ഉതകുന്ന പദ്ധതികളെന്തെങ്കിലും ആവിഷ്ക്കരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അക്കാര്യം പരിശോധിക്കുമോ;

(സി) യുവജനങ്ങൾക്കിടയിലെ മദ്യപാനാസക്തിക്കെതിരെ അവബോധമുണർത്താനുള്ള പദ്ധതി കൂടി ആവിഷ്ക്കരിക്കുമോ?

# കേരള നിയമസഭ
## 31.01.2014-ലെ മറുപടിക്ക്

ഡി. റ്റി. പി, പി. എസ്. സി. ഓൺലൈൻ പരീക്ഷ എന്നിവയ്ക്ക് പരിശീലന പരിപാടി

4020 ശ്രീ. പി. സി. വിഷ്ണുനാഥ്
,, വി. റ്റി. ബൽറാം
,, ഹൈബി ഈഡൻ
,, ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ ഡി. റ്റി. പി., പി. എസ്.സി. ഓൺലൈൻ പരീക്ഷ എന്നിവയ്ക്ക് പരിശീലന പരിപാടിക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇത് സംബന്ധിച്ച് എന്തെല്ലാം പരിപാടികളാണ് സംഘടിപ്പിച്ചതെന്ന് വിശദമാക്കുമോ;

(ഡി) ആരെല്ലാമാണ് ഈ പരിപാടികളുമായി സഹകരിച്ചത്; വിശദാംശങ്ങൾ നൽകാമോ?

# കേരള നിയമസഭ
## 31.01.2014-ലെ മറുപടിക്ക്

യുവജന ക്ഷേമബോർഡിന്റെ വ്യവസായ സംരംഭകത്വ വികസന പദ്ധതി

4021 ശ്രീ. ഷാഫി പറമ്പിൽ
,, ഹൈബി ഈഡൻ
,, പി. സി. വിഷ്ണുനാഥ്
,, വി. റ്റി. ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ വ്യവസായ സംരംഭകത്വ വികസന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഈ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) യുവജനങ്ങളുടെ സംരംഭകത്വകഴിവ് വളർത്താൻ എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) ആരെല്ലാമാണ് പദ്ധതിയുമായി സഹകരിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഇ) പദ്ധതി നടത്തിപ്പിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

**കേരള നിയമസഭ**
**31.01.2014-ലെ മറുപടിക്ക്**

<u>യുവജനക്ഷേമ ബോർഡിന്റെ സ്വയം തൊഴിൽ പരിശീലനം</u>

4022 ശ്രീ. പി. സി. വിഷ്ണുനാഥ്
,, ഷാഫി പറമ്പിൽ
,, വി. റ്റി. ബൽറാം
,, ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ സ്വയം തൊഴിൽ പരിശീലനത്തിനും ബോധവൽക്കരണ ക്യാമ്പയിനുകൾക്കും രൂപം നൽകിയിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) ഇത് സംബന്ധിച്ച് എന്തെല്ലാം പരിപാടികളാണ് സംഘടിപ്പിച്ചതെന്ന് വിശദമാക്കുമോ;

(ഡി) ആരെല്ലാമാണ് പ്രസ്തുത പരിപാടികളുമായി സഹകരിച്ചത്; വിശദാംശങ്ങൾ നൽകാമോ?

# കേരള നിയമസഭ
## 31.01.2014-ലെ മറുപടിക്ക്

<u>യുവജനക്ഷേമത്തിനായി പദ്ധതികൾ</u>

4023 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) യുവജനക്ഷേമത്തിനായി എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ടെന്നുള്ള വിവരം ഇനം തിരിച്ച് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾക്കായി ഈ സർക്കാർ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നുള്ള വിവരം ഇനം തിരിച്ച് വാർഷിക ക്രമത്തിൽ ജില്ലാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

(സി) ഈ സർക്കാർ പുതിയതായി എന്തെല്ലാം പദ്ധതികൾ ആവിഷ്ക്കരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്നതിന്റെ വിശദാംശം അറിയിക്കുമോ;

## കേരള നിയമസഭ
## 31.01.2014-ലെ മറുപടിക്ക്

<u>ആലപ്പുഴ യുവജനക്ഷേമ ബോർഡിന്റെ ആഭിമുഖ്യത്തിൽ കർമ്മ പരിപാടികൾ</u>

4024 ശ്രീ. സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) യുവജനക്ഷേമ ബോർഡിന്റെ ആഭിമുഖ്യത്തിൽ ആലപ്പുഴ ജില്ലയിൽ 2012-2013 വർഷത്തിൽ എന്തെങ്കിലും കർമ്മപരിപാടികൾ നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) യുവജനങ്ങളിലെ മദ്യം-മയക്കുമരുന്ന് ആസക്തികൾക്കെതിരെയും ജീവിതശൈലീരോഗങ്ങൾക്കെതിരെയും മണ്ഡലം കേന്ദ്രീകരിച്ച് ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(സി) ഈ സർക്കാർ അധികാരമേറ്റശേഷം യുവജനക്ഷേമ പ്രവർത്തനങ്ങളുടെ ഭാഗമായി ആരംഭിച്ച പരിപാടികൾ ഏതൊക്കെയാണ്; കായംകുളം മണ്ഡലത്തിൽ നടപ്പാക്കിയവ ഏതൊക്കെയെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 31.01.2014-ലെ മറുപടിക്ക്

<u>യുവജനക്ഷേമബോർഡിലെ അംഗങ്ങൾ</u>

4025 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) യുവജനക്ഷേമബോർഡിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഉണ്ടായിരുന്ന അംഗങ്ങൾ ആരൊക്കെ ;

(ബി) പ്രതിപക്ഷ പാർട്ടികളിൽ നിന്നും ഉണ്ടായിരുന്ന അംഗങ്ങൾ എത്ര ;

(സി) ഈ സർക്കാരിന്റെ കാലത്ത് യുവനജനക്ഷേമ ബോർഡിലുള്ള അംഗങ്ങൾ ആരൊക്കെ ;

(ഡി) പ്രതിപക്ഷ പാർട്ടികളിൽ നിന്നുള്ള അംഗങ്ങൾ ആരൊക്കെ ?

# കേരള നിയമസഭ
## 31.01.2014-ലെ മറുപടിക്ക്

<u>തൃശ്ശൂർ മൃഗശാലയിൽ കുളമ്പുരോഗം</u>

4026 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ മൃഗശാലയിൽ കുളമ്പുരോഗം ബാധിച്ച് എത്ര പുള്ളിമാനും മ്ലാവുകളുമാണ് ചത്തുപോയത്;

(ബി) എത്ര എണ്ണത്തിന് കുളമ്പുരോഗം ബാധിക്കാനിടയായിയെന്ന് വ്യക്തമാക്കാമോ;

(സി) കുളമ്പുരോഗം പകരാതിരിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി. ഡി. ശാരംഗധരൻ,
തിരുവനന്തപുരം, സെക്രട്ടറി.
2014 ജനുവരി 22.

<u>പ്രത്യേക ശ്രദ്ധയ്ക്ക്</u>: നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിന്റെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി നിയമസഭാ സെക്രട്ടേറിയറ്റിൽ ലഭ്യമാക്കേണ്ടതാണ്.

[ചട്ടം 47(1)].

'T' ഇന്നത്തേയ്ക്ക് മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.